പതിനാലാം കേരള നിയമ സഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5898 — 04.07.2019- ൽ മറുപടിക്ക്

## കൊല്ലം-തേനി റോഡിന്റെ പുനർനിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ.സജി ചെറിയാൻ:** | | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം-തേനി റോഡിന്റെ പുനർനിർമ്മാണം വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (എ) | കൊല്ലം - തേനി ദേശീയപാത 183 (പഴയ എൻ.എച്ച് 220) പേവ്ഡ് ഷോൾഡറോഡുകൂടിയ രണ്ടുവരി പാതയായി വികസിപ്പിക്കുവാൻ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയം തീരുമാനിക്കുകയും അതനുസരിച്ച് കൊല്ലം - ആഞ്ഞിലിമൂട്. കോട്ടയം - പൊൻകുന്നം, മുണ്ടക്കയം-വണ്ടിപ്പെരിയാർ എന്നീ സ്ട്രെച്ചുകളുടെ വിശദ രൂപരേഖ തയ്യാറാക്കി വരുന്നു. ഇവയുടെ അലൈൻമെന്റ് ഓപ്ഷൻ കേന്ദ്ര ഗതാഗത ഹൈവേ മന്ത്രാലയം അംഗീകരിച്ചാൽ മാത്രമേ തുടർ നടപടി എടുക്കുവാൻ കഴിയു. |
| (ബി) | ചെങ്ങന്നൂർ കോട്ടുകളഞ്ഞി മുതൽ ആഞ്ഞിലി ചുവട് വരെയുള്ള റോഡിലെ അപകടകരമായ ഗർത്തങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) | വാർഷിക പദ്ധതി 2018-19 ൽ ഉൾപ്പെടുത്തി ദേശീയപാത 183 ലെ (പഴയ എൻ.എച്ച്.220) മാങ്ങാങ്കുഴി (കി.മീ.50/300) മുതൽ കൊച്ചാല്ലുംമൂട് (കി.മീ. 51/800) വരെയും കൊല്ലക്കടവ് (കി.മി.53/800) മുതൽ ആഞ്ഞിലിമൂട് (കി.മീ. 62/100) വരെയുള്ള സ്ട്രെച്ചുകളുടെ സ്ട്രെംഗ്തനിംഗ് പ്രവൃത്തിയുടെ ടെൻഡർ നടപടികൾ പൂർത്തിയായി. എഗ്രിമെന്റ് വച്ചാലുടൻ തന്നെ ഉപരിതല നവീകരണത്തിനുള്ള പ്രവൃത്തി ആരംഭിക്കുന്നതാണ്. നിലവിലെ കുഴികൾ പാച്ച് വർക്ക് ചെയ്ത് അപകടരഹിതമാക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ